പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 900** | **30-01-2019-ലെ മറുപടി**

## 'ഹരിതകേരളം' മിഷന്റെ ഉപപദ്ധതിയായ ജലസമൃദ്ധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.ജെ. മാക്സി** | | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | 'ഹരിതകേരളം' മിഷന്റെ ഉപപദ്ധതി യായ ജലസമൃദ്ധിയുടെ പ്രധാന പ്രവർ ത്തനങ്ങൾ എന്തെല്ലാമെന്ന് അറിയി ക്കാമോ; | (എ) | 1. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കി അവയെ പ്രാദേശിക ജലസേചന കുടിവെള്ള സ്രോതസ്സുകളായി ഉപയോഗിക്കുക:കളങ്ങളും തോടുകളും പുനരുജ്ജീവിപ്പിച്ചതിന്റെ ജില്ല തിരിച്ചുള്ള വിവരശേഖരം തയ്യാറാക്കി ലഭ്യമാക്കുക.<br>2. കിണറുകളുടെ ശുചീകരണവും മഴവെള്ള റീചാർജിങ്ങും ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.<br>3. ക്വാറികൾ പോലെയുള്ള മനുഷ്യപ്രവർത്തനങ്ങാലുണ്ടായ ജലസംഭരണികളിലെ ജലം ഭാവിയിലെ ഉപയോഗത്തിനായി ശുദ്ധിയാക്കി സൂക്ഷിക്കുക.<br>4. ഭൂപ്രകൃതിക്കനുസൃതമായി അനുയോജ്യമായ സാങ്കേതികവിദ്യ അവലംബിച്ച്,ഭൂജലസംപോഷണം വഴി പരമാവധി മഴവെള്ളം മണ്ണിലേക്കിറങ്ങാൻ വേണ്ടി നടപടികൾ(കുന്നിൻ മുകളിൽ നിന്നു താഴ്വാരത്തിലേക്ക് നീങ്ങുന്ന സമീപനം) സ്വീകരിക്കുക.<br>5. വ്യാവസായിക ഗാർഹിക ഉപയോഗത്തിൽ ദുർവ്യയം കുറച്ചു എല്ലാഘട്ടങ്ങളിലും പരിശോധനയും ജലഓഡിറ്റിങ്ങും ബഡ്ജറ്റിങ്ങും നടത്തുകയുംപാഴ്ജലം ശുദ്ധീകരിച്ച് പുനരുപയോഗിക്കുന്നതിലൂടെയും ജല സംരക്ഷിക്കുന്നതിന് ശ്രമിക്കുക.<br>6. ഭൂസവിശേഷതകളായ കുന്ന്,ചരിവ്,താഴ്വര,മണ്ണിന്റെ ആഴം,ഘടന,മണ്ണൊലിപ്പ് തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി ഓരോ പ്രദേശത്തും ജലലഭ്യത ഉറപ്പാക്കുന്നതിനും ജലസംരക്ഷണം സാദ്ധ്യമാക്കുന്നതിനും ഭൂവിനിയോഗം ക്രമപ്പെടുത്തുന്നതിനും ജൈവസമ്പത്ത് സംരക്ഷിക്കുന്നതിനും നടപടികൾ സ്വീകരിക്കുക.<br>7. ജലസംരക്ഷണം സാദ്ധ്യമാക്കുന്നതിനു മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദമായ സമന്വയം തദ്ദേശഭരണ സ്ഥാപനതല |

| | | | |
|---|---|---|---|
| | | | ത്തിൽ ഉറപ്പാക്കുക.<br>8. ഭൂജല വകുപ്പ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഭൂജല സംരക്ഷണവും, **കൃത്രിമ** ഭൂജല സംപോഷണവും പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത ഉപപദ്ധതി വഴി നീർച്ചാലുകളുടെ പുനരുദ്ധാരണത്തിനും ജലമലിനീകരണം തടയുന്നതിനും ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും എത്ര തുക വകയിരുത്തി; എത്ര ചെലവാക്കി; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; | (ബി) | നീർച്ചാലുകളുടെ പുനരുദ്ധാരണത്തിന് മാത്രമായി ഹരിത കേരളം ഉപ പദ്ധതിയായ ജല സമൃദ്ധിയിൽ ഉൾപ്പെടുത്തി പ്രത്യേക സ്കീം ആവിഷ്കരിച്ചിട്ടില്ല. ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രസ്തുത പദ്ധതികളുടെ വകയിരുത്തിയ തുകയുടെയും ചെലവാക്കിയ തുകയുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം **I, II, III & IV** ആയി ചേർത്തിരിക്കുന്നു. |
| (സി) | ഈ സർക്കാർ കാലയളവിൽ ജലവിഭവ വകുപ്പ് കൊച്ചി നിയോജകമണ്ഡലത്തിൽ ഓരോ വർഷവും നടത്തിയ പ്രധാന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ? | (സി) | ഹരിതകേരളം ജലസമൃദ്ധി ഉപമിഷൻ സാങ്കേതിക സമിതി അംഗങ്ങൾക്കു വേണ്ടി വടവുകോട് ബ്ലോക്ക് പഞ്ചായത്തിലും ആലങ്ങാട് ബ്ലോക്ക് പഞ്ചായത്തിലുമായി വെച്ച നടത്തിയ പരിശീലന പരിപാടികളിൽ ഭൂജലസംരക്ഷണവും പരിപോഷണവും എന്ന വിഷയത്തിൽ ഭൂജലവകുപ്പ് എറണാകുളം ജില്ലാ ഓഫീസിൽ നിന്നും ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൊച്ചി നിയോജക മണ്ഡലത്തിന് കീഴിൽ **മേജർ ഇറിഗേഷൻ** നടപ്പിലാക്കിയ പ്രവൃത്തികൾ താഴെ കൊടുക്കുന്നു.<br>**2016-17**<br>ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ ഒന്നും ഇല്ല.<br>**2017-18**<br><br>**ചെല്ലാനം**<br>1). കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യുന്ന ചെല്ലാനം ദ്വീപിലെ സി.ഇ.എസ്.സി പി . സ്റ്റോൺ 984-നും 986-നും ഇടയിലായി സി.ഇ.എസ്.ഇ. പി. സ്റ്റോൺ 985-ന് തെക്ക് നിന്ന് 46 മീറ്റർ മുതൽ കമ്പനിപ്പടിയുടെ വടക്ക് ഭാഗത്ത് 300 മീറ്റർ നീളത്തിൽ ജിയോ ടെക്സ്റ്റയിൽ ട്യൂബ് ഉപയോഗിച്ച് കൊണ്ടുള്ള തകർന്നതും, താഴ്ന്നുപോകുന്നതുമായ കടൽഭിത്തി യുടെ അടിയന്തിര പുനരുദ്ധാരണ പ്രവൃത്തികൾ (275 മീറ്റർ നീളത്തിൽ)<br>എസ്റ്റിമേറ്റ് തുക – 2.17 കോടി - ഭരണാനുമതി നൽകി. ടെണ്ടർ നടപടി പൂർത്തിയായി പ്രവൃത്തി ആരംഭിച്ചു.<br><br>2). കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യുന്ന ചെല്ലാനം ദ്വീപിലെ സി.ഇ.എസ്.സി പി. സ്റ്റോൺ 997-നും 999-നും ഇടയിലായി സി.ഇ.എസ്.സി പി. സ്റ്റോൺ 998-ന് തെക്ക് നിന്ന് 25 മീറ്റർ മുതൽ വേളാങ്കണ്ണി പള്ളിയുടെ വടക്ക ഭാഗത്ത് 160 മീറ്റർ നീളത്തിൽ ജിയോ ടെക്സ്റ്റയിൽ ട്യൂബ് ഉപയോഗിച്ച്കൊണ്ടുള്ള തകർന്നതും താഴ്ന്നുപോയതുമായ കടൽ ഭിത്തിയുടെ |

അടിയന്തിര പുനരുദ്ധാരണ പ്രവൃത്തികൾ

എസ്റ്റിമേറ്റ് തുക – 1.18 കോടി - ഭരണാനുമതി നൽകി. ടെണ്ടർ നടപടി പൂർത്തിയായി പ്രവൃത്തി ആരംഭിച്ചു.

3). കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യുന്ന ചെല്ലാനം ദ്വീപിലെ സി.ഇ.എസ്.സി. പി. സ്റ്റോൺ 1029-നും 1031-നും ഇടയിലായി സി.ഇ.എസ്.സി. പി. സ്റ്റോൺ 1029-ന് വടക്കുനിന്ന് 100 മീറ്റർ മുതൽ ചെറിയ കടവിന്റെ വടക്കു ഭാഗത്തു 200 മീറ്റർ നീളത്തിൽ ജിയോ ടെക്സ്റ്റയിൽ റ്റ്യൂബ് ഉപയോഗിച്ചു കൊണ്ടുള്ള തകർന്നതും. താഴ്ന്ന പോയതുമായ കടൽഭിത്തിയുടെ അടിയന്തിര പുനരുദ്ധാരണ പ്രവൃത്തികൾ (175 മീറ്റർ നീളത്തിൽ)

(എസ്റ്റിമേറ്റ് തുക – 1.46 കോടി - ഭരണാനുമതി നൽകി. ടെണ്ടർ നടപടി പൂർത്തിയായി പ്രവൃത്തി ആരംഭിച്ചു.

4). കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ ചെല്ലാനം ദ്വീപിൽ വേളാങ്കണ്ണി പള്ളിക്ക് സമീപം ബസാറിൽ സി.ഇ.എസ്.സി. പി. സ്റ്റോൺ 995-നും 997-നും ഇടയിലായി സി.ഇ.എസ്.സി. പി സ്റ്റോൺ 995-ന് വടക്കുനിന്ന് 75 മീറ്റർ മുതൽ വടക്കോട്ട് 300 മീറ്റർ നീളത്തിൽ ജിയോ ടെക്സ്റ്റയിൽ റ്റ്യൂബ് ഉപയോഗിച്ചു കൊണ്ടുള്ള തകർന്നതും താഴ്ന്ന പോയതുമായ കടൽ ഭിത്തിയുടെ അടിയന്തിര പുനരുദ്ധാരണ പ്രവൃത്തികൾ

എസ്റ്റിമേറ്റ് തുക – 2.17 കോടി - ഭരണാനുമതി നൽകി. ടെണ്ടർ നടപടി പൂർത്തിയായി. പ്രവൃത്തി ആരംഭിച്ചു.

5). കടലാക്രമണ പ്രതിരോധ പ്രവൃത്തികൾ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്യുന്ന ചെല്ലാനം ദ്വീപിലെ വാച്ചക്കലിൽ സി.ഇ.എസ്.സി. പി. സ്റ്റോൺ 983-നും 984-നും ഇടയിലായി സി.ഇ.എസ്.സി. പി. സ്റ്റോൺ 983-ന് വടക്ക് നിന്ന് 42 മീറ്റർ മുതൽ വടക്കോട്ടേയ്ക്ക് 140 മീറ്റർ നീളത്തിൽ ജിയോ ടെക്സ്റ്റയിൽ ട്യൂബ് ഉപയോഗിച്ച് കൊണ്ടുള്ള തകർന്നതും. താഴ്ന്ന പോയതുമായ കടൽ ഭിത്തിയുടെ അടിയന്തിര പുനരുദ്ധാരണ പ്രവൃത്തികൾ

എസ്റ്റിമേറ്റ് തുക – 1.02 കോടി - ഭരണാനുമതി നൽകി. ടെണ്ടർ നടപടി പൂർത്തിയായി പ്രവൃത്തി ആരംഭിച്ചു.

6). പ്രകൃതി ദുരന്തം 2017 – കൊച്ചി നിയോജക മണ്ഡലത്തിൽ ചെല്ലാനം പഞ്ചായത്തിൽ കമ്പനിപ്പടിയിൽ സി.ഇ.എസ്.സി. പി. സ്റ്റോൺ നമ്പർ 985-നും 986-നും ഇടയിലായി 100 മീറ്റർ നീളത്തിൽ തീരപ്രദേശത്ത് അടിയന്തിര സംരക്ഷണ ഭിത്തി നിർമ്മാണ പ്രവൃത്തികൾ - 13.5 ലക്ഷം രൂപ – പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**2018-19**

പദ്ധതികൾ ഒന്നുംതന്നെ ഇല്ല.

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൊച്ചി നിയോജക മണ്ഡലത്തിന് കീഴിൽ **മൈനർ ഇറിഗേഷൻ** നടപ്പിലാക്കിയ പ്രവൃത്തികൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | തുക എ.എസ് | റിമാർക്ക്സ് |
|---|---|---|---|
| **2016-17** | | | |
| 1 | ചിത്രപ്പുഴ ടൈഡൽ ബണ്ട് നിർമ്മാണം | 481000 | പൂർത്തീകരിച്ചു |
| 2 | ചെല്ലാനം ബണ്ടിന്റെ വാർഷിക അറ്റകുറ്റ പണികൾ | 415000 | പൂർത്തീകരിച്ചു |
| 3 | ചക്കരചാൽ ബണ്ടിന്റെ നിർമ്മാണം | 225800 | പൂർത്തീകരിച്ചു |
| 4 | കപ്പിതാൻകരി, പടന്നകരി ബണ്ടിന്റെ നിർമ്മാണം | 770000 | പൂർത്തീകരിച്ചു |
| **2017-2018** | | | |
| 1 | ചെല്ലാനം ബണ്ടിന്റെ വാർഷിക അറ്റകുറ്റ പണികൾ | 542622 | പൂർത്തീകരിച്ചു |
| 2 | പുത്തൻപാടം ബണ്ടിന്റെ നിർമ്മാണം | 220000 | പൂർത്തീകരിച്ചു |
| 3 | ചക്കരചാൽ ബണ്ടിന്റെ നിർമ്മാണം | 240000 | പൂർത്തീകരിച്ചു |
| **2018-19** | | | |
| 1 | ചെല്ലാനം ബണ്ടിന്റെ വാർഷിക അറ്റകുറ്റ പണികൾ | 470000 | പൂർത്തീകരിച്ചു |
| 2 | പുത്തൻപാടം ബണ്ടിന്റെ നിർമ്മാണം | 215000 | പൂർത്തീകരിച്ചു |
| 3 | കപ്പിതാൻകരി, പടന്നകരി ബണ്ടിന്റെ നിർമ്മാണം | 360000 | ടെണ്ടർ നടപടികൾ പുരോഗിക്കുന്നു |
| 4 | ചക്കരചാൽ ബണ്ടിന്റെ നിർമ്മാണം | 270000 | ടെണ്ടർ നടപടികൾ പുരോഗിക്കുന്നു |

കൊച്ചി നിയോജക മണ്ഡലത്തിൽ കുമ്പളങ്ങി പഞ്ചായത്ത് വാർഡ് നം. 17-ൽ സാൻജോസ് പള്ളിക്ക് സമീപം ഒരു കുളവും വാർഡ് നമ്പർ. 6-ൽ എ.റ്റി.ഡി. ക്ഷേത്രത്തിനോട് ചേർന്നുള്ള കുളവും നന്നാക്കി എടുക്കുന്നതിനായി 70,000/- രൂപ അനുവദിച്ചിരുന്നു. ആയതിന് 3 തവണ ടെണ്ടർ ക്ഷണിച്ചെങ്കിലും കരാറുകാരുടെ ഭാഗത്തുനിന്ന് യാതൊരു വിധ പ്രതികരണവും ഇല്ലാത്തതിനാൽ പ്രവൃത്തി തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

LA 900 - B PART (അനുബന്ധം - I)

2017-18

Administrative Sanction Obtained

| | District | MI Class I Harithakeralam | | | MI Class II Harithakeralam | | | Renovation of tanks and ponds under Haritha Keralam | | |
|---|---|---|---|---|---|---|---|---|---|---|
| | | Budget provision | No of works | AS amount | Budget provision | No of works | AS amount | Budget provision | No of works | AS amount |
| 1 | Thiruvananthapuram | 500 | 2 | 89.05 | 500 | 1 | 94 | 500 | 63 | 132.6 |
| 2 | kollam | | 1 | 44.5 | | 2 | 37.6 | | 49 | 55.188 |
| 3 | Chengannur | | | | | | | | | |
| 4 | Pathanamthitta | | 2 | 183 | | 2 | 175 | | 64 | 61.97 |
| 5 | Kottayam | | 1 | 38 | | 1 | 45 | | 39 | 82.11 |
| 6 | Idukki | | | | | | | | 9 | 27.5 |
| 7 | Ernakulam | | | | | 2 | 88 | | 81 | 64.4 |
| 8 | Palakkad | | | | | | | | 79 | 74.87 |
| 9 | Thrissur | | 1 | 330 | | 1 | 45 | | 60 | 68.26 |
| 10 | Malappuram | | | | | | | | 39 | 67.89 |
| 11 | Kozhikkode | | | | | | | | 15 | 24.56 |
| 12 | Wayanad | | | | | | | | 12 | 19.38 |
| 13 | Kannur | | 1 | 62.3 | | | | | 1 | 230 |
| 14 | Kasaragod | | | | | | | | 19 | 71.35 |
| | TOTAL | 500 | 8 | 746.85 | 500 | 9 | 484.6 | 500 | 530 | 980.078 |

സെക്ഷൻ ഓഫീസർ

## LA 900 - B PART (അനുബന്ധം II)

| | | 2018-19 | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | District | Administrative Sanction Obtained: MI Class I Harithakeralam – Budget provision | MI Class I Harithakeralam – No of works | MI Class I Harithakeralam – AS amount | MI Class II Harithakeralam – Budget provision | MI Class II Harithakeralam – No of works | MI Class II Harithakeralam – AS amount | proposal submitted to Govt: Renovation of tanks and ponds under Haritha Keralam – Budget provision | Renovation of tanks and ponds under Haritha Keralam – No of works | Renovation of tanks and ponds under Haritha Keralam – AS amount |
| 1 | Thiruvananthapuram | | 3 | 65 | | 5 | 119 | | 10 | 122.55 |
| 2 | kollam | | 1 | 45 | | 5 | 73.5 | | 14 | 94.2 |
| 3 | Chengannur | | | | | | | | 4 | 49.81 |
| 4 | Pathanamthitta | | 2 | 145 | | 3 | 138 | | 3 | 119 |
| 5 | Kottayam | | 1 | 45 | | 1 | 24 | | 5 | 120 |
| 6 | Idukki | | 1 | 41 | | 1 | 25 | | 5 | 114.41 |
| 7 | Ernakulam | 800 | | | 700 | 1 | 25 | 1311 | 12 | 176.38 |
| 8 | Palakkad | | | | | 2 | 59.29 | | 5 | 134.4 |
| 9 | Thrissur | | 1 | 75 | | 1 | 9.5 | | 30 | 144.95 |
| 10 | Malappuram | | 1 | 75 | | | | | 11 | 60.75 |
| 11 | Kozhikkode | | 2 | 130 | | 1 | 25 | | 1 | 72 |
| 12 | Wayanad | | | | | 2 | 70 | | | |
| 13 | Kannur | | 2 | 80 | | 3 | 68 | | 2 | 54.1 |
| 14 | Kasaragod | | 1 | 95 | | 1 | 53.5 | | 2 | 44.75 |
| | TOTAL | 800 | 15 | 796 | 700 | 26 | 689.79 | 1311 | 104 | 1307.3 |

# അനുബന്ധം III

| Head of Account | 2017-18 (Rupees in Lakhs) | | 2018-19 (Rupees in Lakhs) |
|---|---|---|---|
| | **Budget Allocation** | **Expenditure** | **Budget Allocation** |
| 4702-00-101-66 (MI Class – schemes under Haritha keralam) | 500 | Nil | 800 |
| 4702-00-101-65 (MI Class – schemes under Haritha keralm) | 500 | Nil | 700 |
| 4702-00-101-63 (Renovation of Tanks and Ponds – schemes under Harithakeralam | 500 | Nil | 1311 |

അനുബന്ധം IV

## DISTRICT WISE EXPENDITURE DETAILS 2018-19

4702-00-101-63 Renovation of Tanks & Ponds under Harithakeralam

| DISTRICT | EXPENDITURE |
|---|---|
| MI Thiruvananthapuram | 495935 |
| MI Kollam | 361030 |
| MI Thrisur | 248241 |
| MI Palakkad | 1598238 |
| **Total** | **2703444** |

സെക്ഷൻ ഓഫീസർ